**പതിനഞ്ചാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : ***67** **09.10.2024–ലെ** മറുപടിയ്ക്ക്

**<u>പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാസഹായം</u>**

| | | | |
|---|---|---|---|
| | **ചോദ്യം**<br><br>**ശ്രീ. എ. പി. അനിൽ കുമാർ**<br>**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**<br>**ശ്രീ. സജീവ് ജോസഫ്**<br>**ശ്രീമതി കെ. കെ. രമ** | | **മറുപടി**<br><br>**ഒ.ആർ. കേളു**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) |
| (എ) | പട്ടികജാതി വകുപ്പ് മുഖേന നിർദ്ധനരായ രോഗികളുടെ ചികിത്സയ്ക്ക് പണം അനുവദിക്കുന്ന പദ്ധതിയിൽ ക്രമക്കേടുകൾ നടക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഇത്തരം ക്രമക്കേടുകൾ നടക്കുന്നത് നാളിതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ചികിത്സാസഹായം ലഭിക്കുവാൻ കാലതാമസം നേരിടുന്നതിനെത്തുടർന്ന് പണം വാങ്ങി നൽകാമെന്ന് വാഗ്ദാനം ചെയ്ത് തുക തട്ടിയെടുക്കുന്നതും അനർഹർ ചികിത്സാസഹായം കൈപ്പറ്റുന്നതും ഉൾപ്പെടെയുള്ള ആക്ഷേപങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | അനർഹർ ചികിത്സാ ധനസഹായം കൈപ്പറ്റുന്നുവെന്നുള്ള പരാതികളോ ആക്ഷേപങ്ങളോ നാളിതുവരെ വകുപ്പിൽ ലഭ്യമായിട്ടില്ല.<br>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും മാരകമായ രോഗം ബാധിച്ചവരും ദീർഘകാല ചികിത്സ ആവശ്യമുള്ളവരുമായ പട്ടികജാതിക്കാർക്ക് അടിയന്തര ചികിത്സാ ധനസഹായമായി പരമാവധി 1,00,000/-രൂപ വരെ അനുവദിക്കുന്നു. ചികിത്സാ സഹായം അനുവദിക്കാനുള്ള വരുമാന പരിധി 50,000/- രൂപയിൽ നിന്നും 1,00,000/-രൂപയായി നിലവിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. നിരവധി അപേക്ഷകൾ ലഭ്യമാകുന്നതിനാലും ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കാത്തതിനാലും പല തട്ടുകളിലൂടെ അപേക്ഷകൾ കടന്നു പോകുന്നതിനാലും ഏറ്റവും സുതാര്യമായ രീതിയിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനും രോഗികൾക്ക് ധനസഹായം ലഭിക്കുന്നതിന് കാലതാമസം ഒഴിവാക്കുന്നതിനുമായി നിലവിൽ |

| | | | |
|---|---|---|---|
| | | | അപേക്ഷകൾ T-Grants എന്ന ഓൺലൈൻ പോർട്ടൽ മുഖേനയാണ് സമർപ്പിക്കേണ്ടത്. ജാതി, വരുമാന സർട്ടിഫിക്കറ്റുകളും റേഷൻകാർഡിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ട് പാസ് ബുക്ക്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അക്ഷയ കേന്ദ്രത്തിലൂടെ സൗജന്യമായി ആയതിലേക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഓരോ അപേക്ഷയുടെയും അടിയന്തര പ്രാധാന്യം കണക്കിലെടുത്തുമാണ് ചികിത്സാ ധനസഹായം അനുവദിക്കുന്നത്. ഹൃദയശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000/-രൂപ വരെ ആശുപത്രി മുഖാന്തരം നൽകുന്നു. എന്നാൽ രോഗി ഡിസ്ചാർജ്ജ് ആയ ശേഷം ധനസഹായം ലഭ്യമാകുന്ന കേസുകളിൽ ഡിസ്ചാർജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന്റെ അക്കൗണ്ടിലേക്ക് തുക അനുവദിച്ച് നൽകുന്നു. ചികിത്സാ ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ച ശേഷം മരണപ്പെടുന്നവരുടെ ഭാര്യ/ഭർത്താവ്/മക്കൾ എന്നിവർക്ക് തുക മാറി നൽകുന്നതിന് ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇത്തരത്തിൽ തുക അനുവദിച്ച് വിതരണം നടത്തിയ ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ പ്രിന്റൗണ്ട് എടുത്ത് രജിസ്റ്ററിൽ പതിപ്പിച്ച് ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ സൂക്ഷിക്കുന്നുമുണ്ട്. |
| സി) | ചികിത്സയ്ക്കുവേണ്ട പണം ആദ്യം സ്വന്തം നിലയ്ക്ക് കണ്ടെത്തണമെന്നതിനാൽ കൂടുതൽ പേർ ചികിത്സ തേടാതെ പോകുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; ചികിത്സാസഹായ പദ്ധതി കാര്യക്ഷമമാക്കുന്നതിന് ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുമോയെന്നു വ്യക്തമാക്കുമോ? | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാരിന്റെ ആരോഗ്യ ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം നിലവിൽ ഇവർക്കും ലഭിക്കുന്നുണ്ട്. |

Anju K.R.
സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും മാരകമായ രോഗം ബാധിച്ചവരും ദീർഘകാല ചികിത്സ ആവശ്യമുള്ളവരുമായ പട്ടികജാതിക്കാർക്ക് അടിയന്തര ചികിത്സാ ധനസഹായമായി പരമാവധി 1,00,000/-രൂപ വരെ അനുവദിക്കുന്നു. ചികിത്സാ സഹായം അനുവദിക്കാനുള്ള വരുമാന പരിധി 50,000/-രൂപയിൽ നിന്നും നിലവിൽ 1,00,000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നിരവധി അപേക്ഷകൾ ലഭ്യമാകുന്നതിനാലും ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കാത്തതിനാലും പല തട്ടുകളിലൂടെ അപേക്ഷകൾ കടന്നു പോകുന്നതിനാലും ഗുണഭോക്താക്കൾക്ക് ധനസഹായം ലഭിക്കുന്നതിന് കാലതാമസം ഒഴിവാക്കുന്നതിനായി T-Grants എന്ന ഓൺലൈൻ പോർട്ടൽ മുഖേനയാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. ഇത്തരത്തിൽ സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം ജാതി, വരുമാന സർട്ടിഫിക്കറ്റുകളും റേഷൻകാർഡിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ട് പാസ് ബുക്ക്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അക്ഷയ കേന്ദ്രത്തിലൂടെ സൗജന്യമായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഓരോന്നിന്റെയും അടിയന്തര പ്രാധാന്യം കണക്കിലെടുത്തുമാണ് ചികിത്സാ ധനസഹായം അനുവദിക്കുന്നത്. ഗുരുതര രോഗം ബാധിച്ചവരും എം.പി/എം.എൽ.എ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/കോർപ്പറേഷൻ മേയർ/ നഗരസഭാ അദ്ധ്യക്ഷൻ എന്നിവരുടെ ശുപാർശയോടെ വരുന്ന അടിയന്തര പ്രാധാന്യമുള്ള അപേക്ഷകൾ പട്ടികജാതി വികസന ഓഫീസർ നേരിട്ട് വകുപ്പ് മന്ത്രിയുടെ ഓഫീസിലേയ്ക്ക് അയയ്ക്കുകയും, ഇതിന് ഓൺലൈൻ പോർട്ടലിൽ പ്രത്യേക ലിങ്ക് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ഇൻബോക്സിൽ ലഭ്യമാകുന്ന അപേക്ഷകൾ സൂപ്രണ്ട്-ജില്ലാ പട്ടികജാതി വികസന ഓഫീസർ തലത്തിൽ പരിശോധിച്ച ശേഷം 5000/-രൂപ വരെ അനുവദിക്കേണ്ട അപേക്ഷകൾ ജില്ലാ പട്ടികജാതി വികസന ഓഫീസർ 3 ദിവസത്തിനുള്ളിൽ അനുവദിക്കുകയും, കൂടുതൽ ധനസഹായത്തിന് അർഹതയുള്ള അപേക്ഷകൾ നോർത്ത് സോൺ ഡെപ്യൂട്ടി ഡയറക്ടർ/സൗത്ത്സോൺ ഡെപ്യൂട്ടി ഡയറക്ടർ എന്നിവർക്ക് ലഭ്യമാക്കുകയും, ഡെപ്യൂട്ടി ഡയറക്ടർക്ക് ലഭ്യമാകുന്ന അപേക്ഷകളിൽ 10,000/-രൂപ വരെ അനുവദിക്കേണ്ട അപേക്ഷകളിന്മേൽ 3 ദിവസത്തിനകം തുക അനുവദിക്കുകയും പതിനായിരത്തിൽ കൂടുതൽ തുക അനുവദിക്കേണ്ട അപേക്ഷകൾ ഡെപ്യൂട്ടി ഡയറക്ടർ

വകുപ്പമന്ത്രിയ്ക്ക് കൈമാറുകയും ആയത് വകുപ്പ് മന്ത്രി ചികിത്സാ ധനസഹായം അനുവദിച്ച ശേഷം തുക അനുവദിക്കപ്പെട്ടവരുടെ ലിസ്റ്റ് പട്ടികജാതി വികസന ഓഫീസറുടെ ഇൻബോക്സിലേയ്ക്ക് അയക്കുന്നതാണ്. ഈ ലിസ്റ്റ് ഡയറക്ടറുടെയും ഡെപ്യൂട്ടി ഡയറക്ടറുടെയും ജില്ലാ പട്ടികജാതി വികസന ഓഫീസറുടെയും ഇൻബോക്സിൽ ലഭ്യമാകും. ഇങ്ങനെ പല ഘട്ടങ്ങളിലൂടെയാണ് ചികിത്സാ ധനസഹായം ഓൺലൈൻ മുഖേന അനുവദിക്കുന്നത്. ഹൃദയശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000/-രൂപ വരെ ആശുപത്രി മുഖാന്തരം നൽകുന്നു. എന്നാൽ രോഗി ഡിസ്ചാർജ്ജ് ആയ ശേഷം ധനസഹായം ലഭ്യമാകുന്ന കേസുകളിൽ ഡിസ്ചാർജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന്റെ അക്കൗണ്ടിലേക്ക് തുക നൽകുന്നു. ചികിത്സാ ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ച ശേഷം മരണപ്പെടുന്നവരുടെ ഭാര്യ/ഭർത്താവ്/മക്കൾ എന്നിവർക്ക് തുക മാറി നൽകുന്നതിന് ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇത്തരത്തിൽ തുക അനുവദിച്ച് വിതരണം നടത്തിയ ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ പ്രിന്റൗണ്ട് എടുത്ത് രജിസ്റ്ററിൽ പതിപ്പിച്ച് ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർ സൂക്ഷിക്കുന്നുണ്ട്.